DESPATCHED
On 22/12/21



19/11/21

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1944(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.13839/എസ്.ഐ.സി-ജി 2/2020)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജേക്കബ് മാത്യു,
വടക്കേൽ വീട്,
വടകോട് പി.ഒ,
കങ്ങരപ്പടി- 682 021.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജനറൽ വിഭാഗം,
   കളമശ്ശേരി നഗരസഭ,
   എറണാകുളം.

2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   കളമശ്ശേരി നഗരസഭ,
   എറണാകുളം.

എതിർകക്ഷികൾ

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരൻ കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്ന് 9 വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടിയും പകർപ്പുകളും ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. താൻ ആവശ്യപ്പെട്ട 6,7,8 ചോദ്യങ്ങൾക്ക് മറുപടി ക്രോഡീകരിച്ചുവച്ചിട്ടില്ല എന്നാണ് നൽകിയതെന്നും, എന്നാൽ അത്ര വിപുലമായ ഡാറ്റ അല്ല ഇതെന്നും, അതുകൊണ്ട് ഇത് നൽകാവുന്നതായിരുന്നു എന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. മൂന്നാം ചോദ്യത്തിൽ ആവശ്യപ്പെട്ട നിരക്ക് വ്യക്തമാക്കിയിട്ടില്ലെന്നും അഞ്ചാമത്തെ ചോദ്യത്തിന് ഏത് ഉത്തരവാണെന്ന് കൃത്യമായി പറഞ്ഞിട്ടില്ലെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 6,7,8 ചോദ്യങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇടപ്പള്ളിയിലെ ലുലുമാളിലെ കെട്ടിടങ്ങൾ സംബന്ധിച്ചാണെന്നും, അവിടെ 350 ഓളം കെട്ടിടങ്ങളുള്ളതുകൊണ്ട്, ഇതെല്ലാം സമാഹരിച്ച് നൽകുക ക്ലേശകരമായിരുന്നുവെന്നും, അതുകൊണ്ടാണ്, ഇത് നൽകാൻ കഴിയാതെവന്നതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. അപേക്ഷകന് ഓഫീസിൽ എത്തി പരിശോധിച്ച് പകർപ്പുകൾ സ്വീകരിക്കാൻ കഴിയുന്നതാണെന്നും ടിയാൻ പറഞ്ഞു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി ചൂണ്ടിക്കാണിച്ച പ്രായോഗിക പ്രശ്നങ്ങൾ കമ്മീഷന് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെപറയുംപ്രകാരം ഇന്നേദിവസം 19.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു. അപ്പീൽ ഹർജിക്കാരന് ഒന്നാം എതിർകക്ഷിയുമായി ബന്ധപ്പെട്ട് തീയതിയും സമയവും നിശ്ചയിച്ച് ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെത്തി ബന്ധപ്പെട്ട രേഖകൾ സൗജന്യമായി

പരിശോധിക്കുകയും ആവശ്യമുള്ള പകർപ്പുകൾ വാങ്ങുകയും ചെയ്യാവുന്നതാണ്. ഇങ്ങനെ പരിശോധനയ്ക്കായി വരുന്ന അപ്പീൽ ഹർജിക്കാരന് ആയത് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ ഒന്നാം എതിർകക്ഷി സൗജന്യമായി നൽകേണ്ടതാണ്.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re